'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

നം.ഡി.ഡി.2/445/2017/ത.സ്വ.ഭ.വ	തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്

തിരുവനന്തപുരം,
തീയതി: 16/12/2019

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ - സംബന്ധിച്ച്

സൂചന:- 1. സ.ഉ.(കൈ)നം.46/2007/ത.സ്വ.ഭ.വ തീയതി 19.02.2007
2. സ.ഉ.(കൈ)നം.93/2012/ത.സ്വ.ഭ.വ തീയതി 31.03.2012
3. സ.ഉ.(അച്ചടി)നം.590/2015/ധന തീയതി 28.12.2015
4. സർക്കുലർ നം. Insp. Tech-16/2016/Fin തീയതി 24/02/2016
5.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 27.09.2017-ലെ ഡി.ബി.3-1338/16/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്
6.ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 19.10.2017-ലെ 2339/ഇ.ജി.എസ്.സി/17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

************************

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തൊഴിൽ ആവശ്യപ്പെടുന്ന ഏതൊരു കുടുംബത്തിനും ചുരുങ്ങിയത് 100 ദിവസത്തെ തൊഴിൽ നൽകുന്നതിനോടൊപ്പം ഉൽപാദനപരവും ഈടുറ്റതുമായ ആസ്തികൾ സൃഷ്ടിക്കുന്നതിലും ഊന്നൽ നൽകുന്നതിനാൽ പദ്ധതിയ്ക്ക് കീഴിൽ സാധന സാമഗ്രികളുടെ വിനിയോഗം വർഷം തോറും വർദ്ധിച്ച് വരുന്നു. ആസ്തികൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് സൂചന (2) ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന (1) പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ റോഡ് പ്രവൃത്തികൾക്കായി ശേഖരിക്കുന്ന സാമഗ്രികൾ അട്ടിയായി സൂക്ഷിച്ച് പ്രീ-മെഷർമെന്റിനായി സി.ടി.ഇ.ക്കു റിപ്പോർട്ട് ചെയ്യുന്നില്ല എന്നും ഇത് പലവിധത്തിലുള്ള ദുരുപയോഗത്തിനും റോഡിന്റെ ഗുണനിലവാരം കുറയുന്നതിനും ഇടയാക്കുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ബാധകമായിട്ടുള്ള നിബന്ധനകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ പ്രവൃത്തികൾക്കും ബാധകമാക്കണമെന്ന് പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനിയർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മഹാത്മാ

ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ചുവടെ പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

1. ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ റോഡ് പ്രവൃത്തികൾക്കായി ശേഖരിക്കുന്ന റോഡ് മെറ്റൽ(broken stone)-ന്റെ അളവ് 100 $M^3$-ൽ കൂടുതൽ വരുകയാണെങ്കിൽ ആയത് പ്രസ്തുത പ്രവൃത്തിയുടെ ചെക്ക് മെഷറിങ് അധികാരി, ധനകാര്യ വകുപ്പിന്റെ പരാമർശം (3), പരാമർശം (4) എന്നിവയിലെ നിബന്ധനകൾ പാലിച്ച്, ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2. ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ പ്രവൃത്തികളിൽ സാധാരണ മൺപണികളുടെ അളവ് 1000 $M^3$ ന് മുകളിലും, 300 $M^3$ മുകളിലുള്ള അളവിൽ പാറ പൊട്ടിക്കുന്ന പ്രവൃത്തികളിലും പ്രാരംഭ ലെവലുകളും അവസാന ലെവലുകളും (Initial levels & Final Levels) ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
3. റോഡ് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ 'കോർ കട്ട് ടെസ്റ്റ്' ചെയ്ത് റോഡിന്റെ കനം ഉറപ്പ് വരുത്തുകയും ആയത് മെഷർമെൻറ് ബുക്കിൽ റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.
4. ആവശ്യമുള്ള ഇടങ്ങളിൽ 'ബിറ്റുമിൻ കണ്ടെന്റ് ടെസ്റ്റ്' നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പകർപ്പ്

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർ/ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
ധനകാര്യ വകുപ്പ്(Dev-3/279/2017/Fin dated 14.02.2018)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by NISAM N
Date: 2018.12.[illegible] 11:00:47 IST
Reason: Approved